33

# അതൊരു പോരാട്ടമാണ്!

## (6:10-12)

എന്റെ സ്നേഹിതൻ ബില്ലി ഒരു പോലീസുകാരനാണ്. 1994 നവംബ റിൽ, ബില്ലിയും മറ്റു നിയമപാലകരായ ഉദ്യോഗസ്ഥരും ചേർന്നു ടെക്സാ സിലെ, ഫോർട്ട് വർത്തിലുള്ള ഒരു വീട്ടിൽ ഒരു വാറന്റ് നൽകുകയായിരു ന്നു. വെടിയുണ്ടകൾ ഉയർന്നു. ഒരു വെടിയുണ്ട ബില്ലിയുടെ കാലിൽ തറ ച്ചു. വെടിയുണ്ട ബില്ലിയുടെ ശരീരത്തിലെ ധമനിയിൽ കൊള്ളുകയും, ബില്ലിക്കു മാരകമായ രക്തസ്രാവം ഉണ്ടാകുകയും ചെയ്തു. ബില്ലി മരണ ത്തോടടുത്തു. അയാൾ രക്ഷപ്പെട്ടതിനു ദൈവത്തിനു സ്തോത്രം!

ബില്ലിയുടെ ആ അവസ്ഥ എന്നെ വർഷങ്ങൾക്കു മുൻപു കണ്ട പോലീ സുകാരനെ കുറിച്ചുള്ള ഒരു സിനിമ ഓർമ്മിപ്പിക്കുന്നു. ഒരു രംഗത്ത്, മാരക മായ നിലയിൽ വെടിയേറ്റു മുറിവുമായി കിടക്കുന്ന, തന്റെ കൂട്ടുകാരന്റെ കിടക്കക്കരികെ ആശുപത്രിയിൽ അയാൾ ഇരിക്കുന്നു. ആ മനുഷ്യന്റെ ഭാര്യ അവിടെയുണ്ട്. അവൾ, കരഞ്ഞുകൊണ്ട്, ആ പോലീസുകാരനെ നോക്കി പറഞ്ഞു, “അവിടെ ഒരു യുദ്ധം ആയിരുന്നു എന്ന്. ... ഇപ്പോഴും ഞാൻ തിരിച്ചറിഞ്ഞിരുന്നില്ല. അവിടെ യുദ്ധം തന്നെ ആയിരുന്നു, അല്ലേ?”

പൗലൊസ് എഫെസൊസിലെ ക്രിസ്ത്യാനികൾക്ക് ലേഖനം എഴുതി ഉപസംഹരിക്കുമ്പോൾ, ക്രിസ്ത്യാനികളുടെ ജീവിതത്തെ കുറിച്ച് ഏതാണ്ട് ഇതേ പ്രസ്താവനയാണ് നടത്തിയത്: “അത് ഒരു യുദ്ധം ആണ്.” ജീവിത യാത്ര സുഗമമാണ് എന്നു കരുതേണ്ട എന്നു നാം അറിയുവാനാണ് പൗലൊസ് പറഞ്ഞത്. ക്രിസ്ത്യാനിത്വം പ്രതിസന്ധിയുള്ളതാണ്, അത് ഒരു പോരാട്ടമാണ്, “ഓട്ടം തികക്കുവാനുള്ള പോരാട്ടം.”

ആ അമാനുഷയുദ്ധം ജയിക്കുവാൻ നമ്മുടെ ശക്തികൊണ്ട് ആർക്കും സാധ്യമല്ല. ജയിക്കുവാനുള്ള ഏക വഴി ദൈവം തരുന്ന ശക്തികൊണ്ടും ആയുധങ്ങൾ കൊണ്ടും പോരാടുക എന്നതാണ്:

> ഒടുവിൽ, കർത്താവിലും അവന്റെ അമിത ബലത്തിലും, ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിനു, ദൈവ ത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ച്ചകളോടും, അധികാരങ്ങളോടും, ഈ അന്ധ കാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകത്തിലെ ദുഷ്ടാത്മ സേന യോടും അത്രേ (6:10-12).

പൗലൊസിന്റെ വാക്കുകൾ നമുക്കു സമയപരിധിയില്ലാത്ത ഈ സത്യം പ്രദാനം ചെയ്യുന്നു: *ദൈവത്തിന്റെ യുദ്ധപദ്ധതി പ്രയോഗിക്കുമ്പോൾ ക്രിസ്ത്യാനികൾ സാത്താനോടുള്ള യുദ്ധത്തിൽ ജയിക്കും.*

### യുദ്ധം ജയിക്കുവാൻ പോരാട്ടത്തിനു ഒരുക്കം ആവശ്യമാണ്

ആത്മിയ യുദ്ധത്തിനുള്ള ശക്തി നമ്മിൽ നിന്നല്ല ഉത്ഭവിക്കുന്നത്; അതു ദൈവത്തിൽ നിന്നാണ് വരുന്നതു. പൗലൊസ് പറഞ്ഞു, "കർത്താവിലും, അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ." അക്ഷരികമായി, അവൻ പറഞ്ഞതു നാം "കർത്താവിൽ ശക്തരാകണം"[1] എന്നാണ്. നമ്മുടെ ശക്തി കാണിക്കുവാനോ "കഠിന പ്രയത്നം" ചെയ്യുവാനോ അല്ല അവൻ പറഞ്ഞത്. പിശാചിന്റെ തന്ത്രങ്ങളെ നേരിടുവാൻ, ദുഷ്ടനോടു എതിർത്തു നില്പാൻ കഴിയേണ്ടതിനുള്ള ശക്തിയുടെ ഉറവിടത്തിൽ നിന്നു അതു കിട്ടുവാൻ ശ്രമിക്ക എന്നാണ് പൗലൊസ് പറഞ്ഞത്. വ്യക്തമായി പറഞ്ഞാൽ, ദൈവശക്തിയില്ലെങ്കിൽ നാം പ്രത്യാശയില്ലാത്തവരായിരിക്കും.

യുദ്ധം ജയിക്കുവാൻ ശരിയായി വേണ്ടത് ദൈവശക്തിയാണ്. ദൈവശക്തിയാൽ നമുക്കു ലഭിക്കുന്ന അമിതവും അവിശ്വസനീയവുമായ ബലത്തെയാണ് പൗലൊസ് പറയുന്നത്. അദ്ധ്യായം 1-ൽ പൗലൊസ് പറയുന്നതു "അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു, അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർപ്പിക്കയും" (1:19, 20). ക്രിസ്തുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ച അതേ ശക്തി ഇന്നു ഓരോ ക്രിസ്ത്യാനിക്കും ലഭ്യമാണ്.

ദൈവവചനം വായിക്കുമ്പോഴും അതു നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുമ്പോഴും ആ ശക്തി നമുക്കു കാണുവാൻ കഴിയും. പ്രാർത്ഥനയിൽ നാം ദൈവത്തോടു യാചിക്കുമ്പോൾ നമുക്ക് അവന്റെ ശക്തി ലഭിക്കും. അവനെ ആരാധിക്കുമ്പോൾ നാം അവന്റെ ശക്തി അറിയും. സഹക്രിസ്ത്യാനികളുടെ പ്രോത്സാഹനം, മാതൃക, സ്വാധീനം എന്നിവ മുഖാന്തരവും ദൈവം അവന്റെ ശക്തി പകരും. നമ്മുടെ ജീവിതത്തിൽ ഓരോ ദിവസവും അവനിൽ നിന്നു ശക്തി സംഭരിച്ചുകൊണ്ടു വേണം നാം പോരാട്ടത്തിനു ഒരുങ്ങുവാൻ.

ദൈവം നമുക്കു തരുന്ന ശക്തി എങ്ങനെ സംഭരിക്കാമെന്നു പൗലൊസ് പ്രത്യേകിച്ചു എഴുതിയിരിക്കുന്നു: "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ" (6:11). "സർവ്വായുധവർഗ്ഗം" എന്നതിന്റെ തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്ക് *പാനോപ്ലിയാ* എന്നാണ്, അതിൽ നിന്നാണ് നമ്മുടെ ഇംഗ്ലീഷ് വാക്ക് "പാനോപ്ലി" കിട്ടിയത്. അതു മുഴുവൻ ആയുധത്തെയും സൂചിപ്പിക്കുന്നു. താൻ പലപ്പോഴായി കണ്ടതു ആത്മിയ അർത്ഥത്തിൽ പൗലൊസ് ചിത്രീകരിച്ചിരിക്കുന്നു – ഒരു പടയാളി, യുദ്ധത്തിനായി ഘനമുള്ള ആയുധങ്ങൾ ധരിച്ചു, ശത്രുക്കളെ നേരിടുവാൻ തയ്യാറാകുന്നു. 6:13–20-ൽ, ആ ആയുധത്തെ പൗലൊസ് വിശദീകരിക്കുന്നു.

ആയുധവർഗ്ഗം ധരിക്കുവാനാണ് പൗലൊസിന്റെ കല്പന. ആ വാക്കുകളുടെ ആവശ്യകത കാണുക. അവന് നമ്മോടു വ്യക്തിപരമായി പറയു

വാൻ കഴിയുമെങ്കിൽ, പറയുമായിരുന്നു, "ആയുധവർഗ്ഗം ധരിക്കുക. പിതാക്കന്മാരേ, നിങ്ങൾ അതു ധരിച്ചാൽ നിങ്ങളുടെ കുടുംബത്തിനുവേണ്ടി നിങ്ങൾക്കു പോരാടുവാൻ കഴിയും. അമ്മമാരേ, സർവ്വായുധവർഗ്ഗം ധരിപ്പിൻ. യുവാക്കളേ, പിശാചു നിങ്ങളെ തോൽപ്പിക്കാതിരിക്കേണ്ടതിനു നിങ്ങൾ സർവ്വായുധ വർഗ്ഗം ധരിക്കുക. സീനിയറായ ക്രിസ്ത്യാനികളേ, സർവ്വായുധവർഗ്ഗം ധരിക്കുക. ഭൂമിയിലെ നിങ്ങളുടെ ജീവിതാവസാനം നിങ്ങളുടെ കവചം അഴിച്ചുവെക്കാതിരിക്കുക. യുദ്ധം തീർന്നില്ല. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾക."

യുദ്ധത്തിന്റെ ഉദ്ദേശം പൗലൊസ് ഈ വാക്കുകളിൽ തിരിച്ചറിഞ്ഞിരിക്കുന്നു: "പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിനു" (6:11). നമ്മുടെ അവസാന ശത്രുക്കൾ മയക്കുമരുന്നോ, മദ്യപാനമോ, അശ്ലീല ചിത്രമോ, ചീട്ടുകളിയോ അല്ല. അവയെല്ലാം നമ്മുടെ യഥാർത്ഥ പ്രതിയോഗിയുടെ വെറും ആയുധങ്ങളാണ്. തന്റെ എല്ലാ ആയുധങ്ങളുമായി നമ്മോടു നേരിടുന്ന ശത്രുവിന്റെ ശക്തി വലുതാണ്! ദൈവസഹായം കൂടാതെ നമുക്കു പിശാചിന്റെ തന്ത്രത്തോടു പൊരുതുവാൻ സാധ്യമല്ല. പിശാചു അമാനുഷനും, സൂത്രശാലിയും, ദുഷ്ടനും, നീചനുമാണ്. ഏതെങ്കിലും ഒരു മനുഷ്യന് പിശാചിനോടു യുദ്ധം ചെയ്തു ജയിക്കണം എന്നുണ്ടെങ്കിൽ യേശുക്രിസ്തുവിൽ കൂടിയേ അതു സാധ്യമാകയുള്ളൂ. യേശുവിലുള്ള ദൈവ സഹായം കൂടാതെ ആർക്കും പിശാചിനോടു എതിർത്തു നില്പാൻ സാധ്യമല്ല. പിശാചിനെതിരായുള്ള യുദ്ധത്തിൽ വിജയിക്കുവാനുള്ള ഏക പ്രത്യാശ ദൈവം തരുന്ന ശക്തിയും അവന്റെ ആയുധവുമാണ്.

യുദ്ധക്കളത്തിലേക്കു പടയാളികൾ പോകുമ്പോൾ, അവർക്കു ഒരു യുദ്ധ പദ്ധതി വേണം. പൗലൊസ് നമുക്ക് ഒരു യുദ്ധപദ്ധതി നല്കിയിട്ടുണ്ട്, നാം സ്വീകരിക്കേണ്ട ഒരുക്കത്തെ കുറിച്ചും അവൻ പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ ശക്തി ഉപേക്ഷിക്കുക അല്ലെങ്കിൽ ആയുധം ധരിക്കാതിരിക്കുക എന്നത് ദൈവിക ആത്മഹത്യയാണ്. ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതത്തിൽ ദൈവശക്തിയും ദൈവായുധവും കൂടാതെ പോയാൽ നിലനില്ക്കുകയില്ല. നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ആപത്തിൽ അകപ്പെടാൻ ഇടയാക്കരുത്. "കർത്താവിന്റെ ശക്തിയിൽ ബലപ്പെടുക, ... ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾക." ദൈവം തരുന്ന എല്ലാ ആത്മിയ വിഭവങ്ങളും ഉപയോഗിച്ചു പൊരുതുക. അതു മാത്രമാണ് നിങ്ങളുടെ ഏകപ്രത്യാശ!

### യുദ്ധം ജയിക്കുവാൻ<br>ശത്രുവിന്റെ ജ്ഞാനം ആവശ്യമാണ്

എതിരാളിയുമായി ഏറ്റുമുട്ടുവാൻ പോകുന്നതിനുമുൻപു എതിരാളിയെ കുറിച്ചു അറിയുവാൻ കഴിയുന്നതെല്ലാം അറിയുക. സ്പോർട്ട്സ് സംഘങ്ങളും വരുവാനിരിക്കുന്ന എതിർസംഘങ്ങളെ വിലയിരുത്തും. വില്പന സംഘങ്ങൾ അവർ നേരിടുന്ന മത്സരങ്ങളെ കുറിച്ചു നന്നായി മനസിലാക്കിയിട്ടാണ് പുതിയ ഒരു ഉല്പന്നം അവതരിപ്പിക്കുന്നത്. ഒരു സൈന്യാധിപൻ ശത്രുക്കളെ കുറിച്ചു ശേഖരിക്കാവുന്ന എല്ലാ വിവരങ്ങളും ശേഖരിച്ചതിനു ശേഷമാണ് യുദ്ധത്തിന് തയ്യാറെടുക്കുന്നത്. എതിരാളിയെ കുറിച്ചു കൂടുതൽ അറിയുന്നതു, വിജയിക്കുന്നതിൽ വളരെ നിർണ്ണായകമായ, ഒരു യുദ്ധ കൗശലമാണ്.

ശത്രു എത്ര ശക്തിയുള്ളവനും സൂത്രശാലിയുമാണെന്നതിനെ കുറിച്ചു ക്രിസ്ത്യാനികൾ അറിയണമെന്നു പൗലൊസ് ആഗ്രഹിച്ചു. പൗലൊസ് ഇങ്ങനെ ചെയ്യുവാൻ കാരണം എന്താണ്? കാരണം നാം ഒരുങ്ങാതെ ആയുധം കൂടാതെ നമ്മുടെ നിഷ്പ്രഭമായ ശക്തികൊണ്ട് ശത്രുവിനോടു യുദ്ധത്തിനു പോയാൽ, പിശാചു നമ്മെ നശിപ്പിക്കും.

ശത്രുവിനെ സംബന്ധിച്ചു മൂന്നു വസ്തുതകൾ പൗലൊസ് നല്കിയിട്ടുണ്ട്. *ഒന്ന്, നമ്മുടെ ശത്രു ബലവാനാണ്.* വാക്യം 12 പറയുന്നു, "നമ്മുടെ പോരാട്ടം ജഡ രക്തങ്ങളോടല്ല, വാഴ്ച്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും അത്രെ, ..." ശത്രുവിനെ പൗലൊസ് വിവരിച്ചിരിക്കുന്നത് ശക്തമായ തലവാചകം കൊടുത്തുകൊണ്ടാണ്: "അധികാരങ്ങൾ," "വാഴ്ച്ചകൾ," "അധിപതികൾ." ഈ വാക്കുകളാൽ പൗലൊസ് അർത്ഥമാക്കിയതു എന്തെല്ലാമാണെന്നു മുഴുവൻ എനിക്ക് അറിയില്ല, എന്നാൽ ശത്രുവിന്റെ അധികാരവും ആധിപത്യവും വളരെ ശക്തമാണെന്നു അറിയിക്കുന്നതാണ് പൗലൊസ് ഉപയോഗിച്ച വാക്കുകൾ എന്ന് എനിക്കറിയാം.

ഈ പൈശാചിക ശക്തിയെ കുറിച്ചു ബൈബിൾ നമുക്കു ചില ഉൾക്കാഴ്ച്ചകൾ നല്കുന്നുണ്ട്. പിശാചു യേശുവിന്റെ അടുത്തുവന്നു ലോകത്തിലെ സകല രാജ്യങ്ങളും നിനക്കു തരാം എന്നു പറഞ്ഞപ്പോൾ യേശു അവനോടു തർക്കിച്ചില്ല (മത്തായി 4:8, 9). "ഈ ലോകത്തിന്റെ പ്രഭു" എന്നും യേശു പിശാചിനെ സൂചിപ്പിച്ചു (യോഹന്നാൻ 12:31). പിശാചു ദൈവത്തോടും ദൈവത്തെ അനുസരിക്കുന്നവരോടും നിരന്തരമായി എതിർക്കും. പൗലൊസ് പിശാചിനെ "ഈ ലോകത്തിന്റെ ദൈവം" എന്നാണ് സൂചിപ്പിക്കുന്നത് (2 കൊരിന്ത്യർ 4:4). സുവിശേഷത്തിന്റെ പ്രകാശം ശോഭിക്കാതിരിപ്പാൻ സാത്താനും അവന്റെ ഭൂതങ്ങളും അവിശ്വാസികളുടെ കണ്ണുകുരുടാക്കി വെച്ചിരിക്കുന്നു. "ആരെ വിഴുങ്ങേണ്ടു എന്നു നോക്കി, ചുറ്റി നടക്കുന്ന സിംഹം" ആയിട്ടാണ് പത്രൊസ് നമ്മുടെ പ്രതിയോഗിയെ പറഞ്ഞിരിക്കുന്നത് (1 പത്രൊസ് 5:8). "സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ" ആണെന്നാണ് യോഹന്നാൻ പറഞ്ഞിരിക്കുന്നത് (1 യോഹന്നാൻ 5:19). രണ്ടിനും മദ്ധ്യേ ഒന്നില്ല. ഒന്നുകിൽ നിങ്ങൾ കർത്താവായ യേശുവിന്റെ നിയന്ത്രണത്തിനു കീഴ്പ്പെട്ടു ജീവിക്കും അല്ലെങ്കിൽ നിങ്ങൾ സാത്താന്റെ നിയന്ത്രണത്തിൻ കീഴിൽ ജീവിക്കും.

ആരോ പറഞ്ഞിരിക്കാം, "യേശു സാത്താനെ പരാജയപ്പെടുത്തി ജയിച്ചു എന്നാണ് ഞാൻ വിചാരിച്ചത്." അവൻ ജയിക്കുക തന്നെ ചെയ്തു. എങ്ങനെയായാലും, പിശാചും അവന്റെ ഭൂതങ്ങളും പരാജയം സമ്മതിച്ചിട്ടില്ല. അവരെ പൂർണ്ണമായും നശിപ്പിച്ചു കഴിഞ്ഞിട്ടില്ല, അതുകൊണ്ടു മനുഷ്യർക്കെതിരെ "അന്വേഷിച്ചു നശിപ്പിക്കുക" എന്ന ദൗത്യം അവർ തുടർന്നുകൊണ്ടിരിക്കും. ഓരോ വ്യക്തികളുടെയും ജീവിതങ്ങളെ നശിപ്പിക്കുവാൻ തക്ക ശക്തി അവയ്ക്കു ഇപ്പോഴും ഉണ്ട്.

*രണ്ട്, ശത്രു ദുഷ്ടനാണ്.* നമുക്കു പോരാട്ടം ഉള്ളത് "ആത്മിയ അധികാരികളോടും സ്വർല്ലോകത്തിലെ ദുഷ്ടാത്മ സേനയോടും അത്രേ" (6:12). ശക്തി ഒന്നുകിൽ നന്മക്കായി അല്ലെങ്കിൽ തിന്മക്കായി ഉപയോഗിക്കാം. നമ്മുടെ ശത്രുവും അവന്റെ സഖ്യവും അവരുടെ ശക്തി ഉപയോഗിക്കുന്നത് നശിപ്പിക്കുവാനാണ്. അവർ അതിനെ തിന്മക്കായി തിരിച്ചുവിടുന്നു.

ഈ ലോകത്തിലെ അന്ധകാര ശക്തിയെയാണ് അവ പ്രതിനിധീകരിക്കുന്നത്. അവരുടെ വാഴ്ച്ച ഇരുട്ടാണ്. ഭയങ്കരരവും അങ്ങേയറ്റം ദുഷ്ടരുമായ അവർ, എത്രത്തോളം പകരം വീട്ടി നാശം വിതെക്കാമോ എന്നു നോക്കും.

*മൂന്ന്, ശത്രു വഞ്ചകൻ ആണ്.* വാക്യം 11 വീണ്ടും വായിക്കുക. "സാത്താന്റെ തന്ത്രങ്ങളോടു" എതിർത്തു നില്ക്കുന്നതാണ് പൗലൊസ് സൂചിപ്പിച്ചത്. "ഞാൻ പിശാചാണ്. ഞാൻ വന്നിരിക്കുന്നതു നിങ്ങളുടെ ജീവിതം നശിപ്പിച്ചു നിങ്ങളെ നരകത്തിലേക്കു അയക്കുവാനാണ്" എന്നു പിശാചു സ്വയം പരിചയപ്പെടുത്തികൊണ്ട്, പറയുകയില്ല. അവൻ ഒരിക്കലും നമ്മുടെ അടുത്ത് നേരിട്ട് വരികയില്ല. അവൻ സൂത്രമാണ് ഉപയോഗിക്കുന്നത്. അവനു ഭോഷ്ക്കാണ് ഇഷ്ടം. വഞ്ചനയിലാണ് അവനു പ്രിയം.

നമ്മെക്കൊണ്ടു പാപം ചെയ്യിക്കുവാൻ, വഞ്ചകനായവൻ

- നമ്മെ ബോധ്യപ്പെടുത്തും "അതത്ര മോശം ഒന്നുമല്ല. അതു നിങ്ങൾക്ക് ദോഷം വരുത്തുകയില്ല,"
- നമ്മെ ബോധ്യപ്പെടുത്തും അതാരും അറിയുവാൻ പോകുന്നില്ല, ഓ ദൈവം എങ്ങനെയായാലും ക്ഷമിക്കും,
- അവൻ നമ്മെ ചെയ്യുവാൻ പ്രേരിപ്പിക്കുന്നതാണ് വാസ്തവത്തിൽ നമുക്കു തൃപ്തി തരുന്നത് എന്നു നമ്മെ ബോധ്യപ്പെടുത്തും,
- നമ്മുടെ ആത്മിയ തീർച്ചകളെ മന്ദീഭവിപ്പിക്കും അങ്ങനെ നാം അതു കാര്യമാക്കുകയില്ല,
- കൂടുതൽ ക്ഷീണിപ്പിക്കയും, തളർത്തികളകയും ചെയ്യുന്നു അതുകൊണ്ട് നമുക്ക് ഉടനെ ആശ്വാസം ലഭിക്കണമെന്നു തോന്നുകയും അതിനായി എന്തും ചെയ്യുവാൻ തയ്യാറാവുകയും ചെയ്യുന്നു,
- നമ്മുടെ ചിന്തയെ കോട്ടിമറിക്കുന്നതുകൊണ്ട് ശരിയായത് ഒന്നും നാം അറിയാതാകുന്നു.[2]

ശത്രു വഞ്ചകനും, വഴക്കുണ്ടാക്കുന്നവനും, ക്രൂരനുമാണ്. അവൻ വെളിച്ച ദൂതന്റെ വേഷം ധരിക്കും (2 കൊരിന്ത്യർ 11:14). അവന്റെ പ്രാവീണ്യമുള്ള രീതികളിൽ വിവിധ സൂത്രങ്ങളും ഉൾപ്പെടുന്നുണ്ട്. അവനെ ജയിക്കുവാൻ നമുക്ക് എന്ത് അവസരം ആണുള്ളത്? നമ്മുടേതായ അവസരം ഒന്നും നമുക്ക് ഇല്ല. നാം ദൈവത്തെ കൂടാതെ അവനോടു പോരാടിയാൽ, പരാജയപ്പെടും. അതു നമ്മെ പൗലൊസിന്റെ അപേക്ഷയുടെ അടിയന്തിരമായ ആവശ്യത്തെ വിശദീകരിക്കുന്നു. ശത്രുവിന്റെ ശക്തി നാം അറിയുമ്പോൾ, ദൈവത്തിന്റെ ആവശ്യത്തിനു നാം പ്രാധാന്യം നൽകുന്നു.

ഒരു നിമിഷത്തേക്കു നിന്നു ശത്രുവിനെ കുറിച്ചു ഒന്നു ചിന്തിക്കുക. തിന്മയുടെ ശക്തി എത്രമാത്രം ഉറപ്പുള്ളതാണെന്നു ചിന്തിക്കുക. ലോകത്തിൽ പിശാചു എത്രമാത്രം ദുഷ്ടതയാണ് കൊണ്ടുവന്നിരിക്കുന്നത് എന്നോർക്കുക. അവൻ നിങ്ങളിലും ദൃഷ്ടി പതിപ്പിച്ചിരിക്കുന്നു എന്നു ഓർക്കുക. അവനു നിങ്ങളെ വേണം, നിങ്ങൾക്കു അതിജീവിക്കുവാൻ കഴിയുന്നതിനേക്കാൾ ശക്തനാണ് അവൻ. പിശാചും അവന്റെ സംഘവും എത്ര ദോഷമാണ് പ്രവർത്തിക്കുക എന്നു ചിന്തിക്കുക. ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന

എല്ലാത്തിനും എതിരായിട്ടാണ് പിശാചു നില്ക്കുന്നത്, അവരുടെ വശത്തേക്കു നിങ്ങളെയും അവർ അകപ്പെടുത്തുവാൻ ശ്രമിക്കും. നിങ്ങൾ അതു നേരിടുമ്പോൾ, ശത്രു എത്രത്തോളം വഞ്ചകൻ ആണെന്നും ഓർക്കുക. ഏതു രീതിയിലും നിങ്ങളെ ദൈവത്തിനെതിരായി തിരിക്കുവാൻ അവൻ സകല സൂത്രവും ഉപയോഗിക്കും. ശത്രുവിനെ മനസിലാക്കുമ്പോൾ നമ്മുടെ കണ്ണുകൾ വിശാലമായി തുറക്കണം.

**ഉപസംഹാരം**

*ദൈവത്തിന്റെ യുദ്ധപദ്ധതി നടപ്പിലാക്കിയാൽ പിശാചിനോടുള്ള യുദ്ധത്തിൽ ക്രിസ്ത്യാനികൾ വിജയിക്കും.* ഞാൻ നിങ്ങളോട് രണ്ടു കാര്യങ്ങൾ ചെയ്യുവാൻ ആവശ്യപ്പെടുന്നു. ഒന്ന്, നിങ്ങൾ സ്വയം പിശാചിന് വിട്ടുകൊടുക്കാതിരിക്കേണ്ടതിനു നിങ്ങൾ പ്രാർത്ഥനയിൽ ഉറച്ചിരിക്കുക. നിങ്ങൾ ആത്മിയ പോരു തനിയെ ചെയ്യുവാൻ ശ്രമിക്കരുത്. സ്വന്തം ശക്തി മതി എന്ന രീതിയിൽ അതിൽ ആശ്രയിച്ചു പരിശ്രമിക്കുന്നതു നിർത്തുക.

രണ്ട്, ഓരോ ദിവസവും, രാവും പകലും അവന്റെ ശക്തിക്കുവേണ്ടി യാചിക്കുമെന്ന് ദൈവമുൻപാകെയുള്ള പ്രാർത്ഥനയിൽ സമർപ്പിക്കുക. അവന്റെ സർവ്വായുധ വർഗ്ഗം ആവശ്യമുള്ളതായി അവനെ അറിയിക്കുക. അവന്റെ സർവ്വായുധം ധരിച്ചു ഉപയോഗിക്കേണ്ടതിന്നു, ശക്തിക്കായി ദൈവത്തോടു അപേക്ഷിക്കുക. ദിവസവും നിങ്ങൾ ഒരു യുദ്ധത്തിലാണെന്നു നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ദൈവത്തോട് അപേക്ഷിക്കുക – എല്ലാ വിഷമതകളും വിജയി സഹിച്ചുകൊണ്ടുള്ള, ഒരു യഥാർത്ഥ ജീവൻ–മരണ പോരാട്ടമാണത് – നിങ്ങൾ യേശുവിനോടുകൂടെ വിജയിക്കുന്ന വശത്താകുവാൻ ആഗ്രഹിക്കുന്നു.

ഒരിക്കൽ കൂടെ പൗലൊസിന്റെ വാക്കുകൾ ആധുനിക ഭാഷയിൽ തർജ്ജിമ ചെയ്തിരിക്കുന്നതു നോക്കുക.

> ... ദൈവം ശക്തനാണ്, നിങ്ങളും ശക്തനാകുവാൻ അവൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് യജമാനൻ നിങ്ങൾക്കായി വെച്ചിരിക്കുന്നത് എല്ലാം എടുക്കുക, നന്നായി – ഉണ്ടാക്കിയ ആയുധങ്ങളെല്ലാം മികച്ചതാണ്. പിശാച് നിങ്ങളുടെ വഴിയിൽ വയ്ക്കുന്ന എന്തിനെയും നേരിടുവാൻ അവ ഉപയോഗിക്കുക. ഉച്ചക്കുശേഷമുള്ള മത്സരശേഷം ഏതാനും മണിക്കൂർ നേരത്തേക്ക് എല്ലാം മറക്കുന്നതല്ല ഇത്. മറിച്ച്, ഇത് പിശാചിനോടും അവന്റെ ദൂതന്മാരോടും ജീവൻ – മരണ പോരാട്ടത്തിനായി സൂക്ഷിക്കേണ്ടതാണ്.
>
> ഒരുങ്ങുക. നിങ്ങൾക്ക് സ്വയം കഴിയുന്നതിനപ്പുറമായി നേരിടേണ്ടവരാണ്. ലഭിക്കാവുന്ന എല്ലാ സഹായവും, ദൈവം നൽകുന്ന എല്ലാ ആയുധങ്ങളും എടുക്കുകയാണെങ്കിൽ, എല്ലാം കഴിയുമ്പോഴും ശബ്ദകോലാഹലങ്ങൾ ഉണ്ടായാലും നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം കാലിൽ ഉറപ്പോടെ നില്ക്കാൻ സാധിക്കും (6:10–13; റ്റിഎം).

നിങ്ങൾ യേശുവിനെ കൂടാതെയും അവൻ ക്രിസ്ത്യാനികൾക്കു നല്കുന്ന ശക്തിയില്ലാതെയുമാണോ ജീവിക്കുന്നത്? യേശുവിനെ കൂടാതെ നിങ്ങൾക്കു ജയിക്കുവാൻ സാധ്യമല്ല. നിങ്ങൾ അവനെ അന്വേഷിക്കുക. അവൻ നിങ്ങളുടെ ശക്തി ആയിരിക്കും. നിങ്ങൾ പിശാചിനോടു എതിർക്കു

വാൻ അവൻ നിങ്ങളെ പ്രാപ്തനാക്കും. അവൻ തന്റെ വിജയം നിങ്ങളോടു പങ്കിടും.

താൻ നൽകുന്നതു സ്വീകരിക്കുവാൻ യേശു നിങ്ങളെ നിർബ്ബന്ധിക്കുകയില്ല. തീരുമാനം എടുക്കുവാൻ അവൻ നിങ്ങളെ അനുവദിക്കും. അവൻ നിങ്ങളോടൊപ്പം ഉണ്ടെങ്കിൽ നിങ്ങളുടെ കഴിവിനാൽ ഇരുട്ടിനോടു പോരാടുവാൻ ശ്രമിക്കേണ്ടി വരികയില്ല. ഈ ദുഷ്ടലോകം നിങ്ങളെ നശിപ്പിക്കും. നിങ്ങൾക്കു യേശു വേണം. അവൻ നിങ്ങളെ സ്വീകരിക്കുവാൻ തയ്യാറാണ്, എന്നാൽ നിങ്ങൾ അവനോടു ഇപ്രകാരം പറയുവാൻ തയ്യാറാകണം, "യേശുവേ, എനിക്കു നിന്നെ വേണം. നീ എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു. എന്റെ പാപങ്ങളെ കഴുകി കളയുവാനും നിന്റെ ശക്തിയിൽ നടന്നു തുടങ്ങുവാനും ഞാൻ സ്നാനമേല്ക്കുവാൻ ആഗ്രഹിക്കുന്നു."

ഒരുപക്ഷെ, ചില ക്രിസ്ത്യാനികൾ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കാതെയായിരിക്കാം ആത്മിയ യുദ്ധം വിജയിക്കുവാൻ ശ്രമിക്കുന്നത്. നിങ്ങൾ എവിടെയായിരിക്കണമെന്നു സാത്താൻ ആഗ്രഹിക്കുന്നുവോ അവിടേക്കു അവൻ നിങ്ങളെ കൊണ്ടുപോകും; ആത്മിയ യുദ്ധത്തെ കുറിച്ചു അറിഞ്ഞതെല്ലാം നിങ്ങൾ അവഗണിക്കുവാൻ അവൻ ആഗ്രഹിക്കും. നിങ്ങൾ ദൈവത്തിലേക്കു തിരിഞ്ഞ്, പിശാചിനോടു നിങ്ങളെ വിട്ടുപോകുവാൻ പറയുക. ദൈവം നിങ്ങൾക്കു ശക്തി തരുവാൻ തയ്യാറാണ്. അവന്റെ ആയുധവും തയ്യാറായിട്ടുണ്ട്. നിങ്ങൾ ശരിയായ തീരുമാനം എടുക്കുവാനായി അവൻ കാത്തിരിക്കുകയാണ്.

---

കുറിപ്പുകൾ

[1]ഗ്രീക്ക് ക്രിയ *എൻഡുനാമൂ* എന്നാണ്. വാക്യം 10–ൽ അതു വർത്തമാനകാലത്തിൽ, നിഷ്ക്രിയമായ ആജ്ഞാസ്വഭാവത്തിൽ കാണുന്നതു രണ്ടു പ്രധാനകാര്യങ്ങൾ നമ്മോടു പറയുന്നു. (1) "ശക്തിപ്പെടുക" എന്നതു തുടരുന്ന, നമ്മുടെ ഭാഗത്ത് നിർത്തരുതാത്ത പ്രവൃത്തിയും; (2) നമ്മിൽ ചെയ്യുവാൻ നാം അനുവദിക്കുന്നതുമായ പ്രവൃത്തിയും ആണ്. നാം നമ്മെത്തന്നെ ശക്തിപ്പെടുത്തുന്നില്ല; നാം ശക്തിപ്പെടുവാൻ നമ്മെ അനുവദിക്കയാണ്. [2]മാക്സ് ആന്റേഴ്സ്, *ദ ഗുഡ് ലൈഫ്: ലിവിങ് വിത്ത് മീനിങ് ഇൻ ഏ "നെവെർ – ഇനഫ്" വേൾഡ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്, 1993), 234.